**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - നിയമപരമായി വിവാഹം ചെയ്ത ട്രാൻസ്ജെന്റർ ദമ്പതികൾക്ക് വിവാഹധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.605/2018/സാ.നീ.വ** **തീയതി, തിരുവനന്തപുരം, 25/10/2018.**

---

പരാമർശം - 1 സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 09/05/2018 ലെ സി2-511/18-ാം നമ്പർ കത്ത്.

2 17/05/2018 ലെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി തീരുമാനം.

**ഉത്തരവ്**

സമൂഹത്തിൽ ഏറ്റവുമധികം അവഗണന അനുഭവിക്കുന്ന ട്രാൻസ്ജെന്റേഴ്സ് വിഭാഗത്തിന് അർഹിക്കുന്ന പ്രാധാന്യം നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനായി ഇന്ത്യയിൽ ആദ്യമായി ഭിന്നലിംഗക്കാർക്കായിട്ടുള്ള പോളിസി നടപ്പിലാക്കിയ സംസ്ഥാനം കേരളമാണ്. എന്നാൽ ടി ക്ഷേമ പദ്ധതികളിൽ ശസ്ത്രക്രിയയ്ക്ക് വിധേയരായി പൂർണ്ണമായും സ്ത്രീ/പുരുഷൻ ആയി മാറിയിട്ടുള്ള ട്രാൻസ്ജെന്റർ വ്യക്തികൾക്കായിട്ടുള്ള വിവാഹധനസഹായം ഉൾപ്പെടുത്തിയിരുന്നില്ല. ഇന്ത്യയിൽ ആദ്യമായി സ്പെഷ്യൽ മാരേജ് ആക്ട് പ്രകാരം 2 ട്രാൻസ്ജെന്റർ വ്യക്തികൾ വിവാഹിതരായിയെന്നും ടി വിവാഹത്തിന് ധനസഹായം നൽകുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിക്കണമെന്നും നിയമപരമായി വിവാഹം ചെയ്ത ട്രാൻസ്ജെന്റർ വ്യക്തികൾക്ക് 30,000/-രൂപ വിവാഹധനസഹായം അനുവദിക്കാവുന്നതാണെന്നും ഇതിനായി നടപ്പ സാമ്പത്തിക വർഷം ഏകദേശം 10 ദമ്പതികൾക്ക് വിവാഹധനസഹായമായി (30x30000) മൂന്നു ലക്ഷം രൂപ ആവശ്യമായിട്ടുണ്ടെന്നും, ഇതിലേയ്ക്കാവശ്യമായ തുക നടപ്പ സാമ്പത്തിക വർഷം 2235-60-200-64 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വഹിയ്ക്കാവുന്നതിനുള്ള അനുമതി താഴെ കൊടുത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി നൽകണമെന്ന് സാമൂഹ്യനീതി ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

1 ട്രാൻസ്ജെന്റർ വ്യക്തികൾക്ക് നിർബന്ധമായും ട്രാൻസ്ജെന്റർ തിരിച്ചറിയൽ കാർഡ് ഉണ്ടായിരിക്കണം.

2 വിവാഹശേഷം ആറുമാസത്തിനുശേഷവും ഒരു വർഷത്തിനകവും ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിച്ചിരിക്കണം.

3 വിവാഹ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഹാജരാക്കണം.

4 അപേക്ഷയോടൊപ്പം നിലവിൽ ദമ്പതികൾ ഒന്നിച്ച് താമസിച്ചുവരുന്നതായി ബന്ധപ്പെട്ട ജനപ്രതിനിധിയുടെ (വാർഡ് മെമ്പർ/കൗൺസിലർ) സാക്ഷ്യപത്രം ഹാജരാക്കണം.

5 അപേക്ഷകരിൽ ഒരാൾ മാത്രം ട്രാൻസ്ജെന്റർ വ്യക്തിയാണെങ്കിലും ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

6 വിവാഹധനസഹായം ഒരിക്കൽ ലഭിച്ചുകഴിഞ്ഞാൽ ഏതെങ്കിലും കാരണവശാൽ നിലവിലുള്ള വിവാഹബന്ധം വേർപെടുത്തി പുനർവിവാഹം കഴിക്കുകയാണെങ്കിൽ വിവാഹ ധനസഹായത്തിന് അർഹതയുണ്ടായിരിക്കില്ല.

(2) 17.05.2018 ൽ ചേർന്ന സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന് വിധേയമായ തീരുമാനമെടുക്കുന്നതിന് നിർദ്ദേശിച്ചിരുന്നു.

(3) സർക്കാർ ഈ വിഷയം പരിശോധിച്ചു. ശസ്ത്രക്രിയയിലൂടെ പൂർണ്ണമായി സ്ത്രീ/പുരുഷൻ ആയി മാറി നിയമപരമായി വിവാഹം ചെയ്ത ദമ്പതികൾക്ക് നടപ്പ് സാമ്പത്തിക വർഷം 30,000/- രൂപ വിവാഹധനസഹായമായി അനുവദിക്കുന്നതിന് മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകി ഉത്തരവാകുന്നു. ഇതിലേക്ക് 10 ദമ്പതികൾക്ക് ആവശ്യമായ 3,00,000/- രൂപ (രൂപ മൂന്നു ലക്ഷം മാത്രം) നടപ്പ് സാമ്പത്തിക വർഷം 2235-60-200-64 (പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും വഹിയ്ക്കുന്നതിനുള്ള അനുമതിയും നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബിജു പ്രഭാകർ**
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ